ശ്രീ. കെ. സുകുമാരനുണ്ണി: വല്ല സ്വകാര്യ സ്ഥാപനങ്ങളെയും ഈ കോഴ്സ് നടത്തുന്നതിന് അധികാരപ്പെടുത്തിയിട്ടുണ്ടോ; നാഗർകോവിലിൽ ഒരു സ്വകാര്യസ്ഥാപനം ഈ കോഴ്സ് നടത്തുന്നുവെന്ന പരസ്യം കണ്ടിട്ട് ധാരാളം ആളുകൾ അങ്ങോട്ടു പോകുന്നു. അവർക്ക് അംഗീകാരം കൊടുത്തിട്ടുണ്ടോ?

ശ്രീ. എ.എൽ. ജേക്കബ്: അംഗീകാരം കൊടുത്തതായി അറിവില്ല.

(ചോദ്യം 532 ചോദിച്ചില്ല)

കൊക്കോ കൃഷി വികസനത്തിന് പദ്ധതികൾ

* 503 [533] ശ്രീ. പി.ജെ. തോമസ്:

,, വക്കം പുരുഷോത്തമൻ:

,, സേവ്യർ അറയ്ക്കൽ:

,, എം.പി. ഗംഗാധരൻ:

,, തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സഭയെ മറുപടി നൽകുമോ:

(എ) കൊക്കോ കൃഷി വികസനത്തിന് പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

കൃഷിവകുപ്പുമന്ത്രി (ശ്രീ. എ.എൽ. ജേക്കബ്):

(എ) ഉണ്ട്.

(ബി) 1978–79 മുതൽ ഏഴു വർഷം കൊണ്ടു കൂടുതലായി 25,000 ഹെക്ടർ സ്ഥലത്ത് കൊക്കോകൃഷി വ്യാപിപ്പിക്കുന്നതിനു വേണ്ടി 71.332 ലക്ഷം രൂപ ചെലവ് വരുന്ന ഒരു പദ്ധതിക്ക് ഗവൺമെൻറ് അനുമതി നൽകിയിട്ടുണ്ട്.

ശ്രീ. പി.ജെ. തോമസ്: സർ, ഇന്ന് കേരളത്തിൽ വളരെ വ്യാപകമായ തോതിൽ കൊക്കോ കൃഷി ചെയ്യുന്നുണ്ട്. ഈ ഉൽപ്പാദനത്തിന്റെ മാർക്കറ്റിനെ സംബന്ധിച്ച് ഗവൺമെൻറ് ഗൗരവമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്താണെന്നു വ്യക്തമാക്കാമോ?

ശ്രീ. എ.എൽ. ജേക്കബ്: അതിനുവേണ്ടി കൊക്കോ പ്രോസസ്സിംഗ് പ്ലാൻറ് സ്ഥാപിക്കുന്നതിനുള്ള ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കാൻ ആഗ്രോ ഇൽഡസ്ട്രീസ് കോർപ്പറേഷനോട് ഗവൺമെൻറ് ആവശ്യപ്പെട്ടിട്ടുണ്ട്. കോർപ്പറേഷൻ ഇതിനകം വളരെ പ്രധാനപ്പെട്ട ചർച്ചകൾ നടത്തിക്കഴിഞ്ഞു. അമുൽ ക്ഷീരോൽപ്പാദകരുമായും നാഷണൽ ഡയറി ഡെവലപ്പ്മെൻറ് ബോർഡിലെ ഡോ. കുര്യനുമായും ചർച്ചകൾ നടത്തി. കുര്യൻ ഇക്കാര്യത്തിൽ സാങ്കേതികോപദേശം നൽകിയിട്ടുണ്ട്. ഡോ. കുര്യന്റെ അഭിപ്രായത്തിൽ ഗുജറാത്തിൽ വിജയകരമായി പ്രവർത്തിക്കുന്ന ഡയറി സഹകരണ സംഘത്തിന്റെ മാതൃകയിൽ കൊക്കോകൃഷിക്കാരുടെ സൊസൈറ്റി രൂപീകരിക്കുകയും യൂണിറ്റുകൾ സ്ഥാപിക്കുകയും ചെയ്യുന്നത് ഇക്കാര്യത്തിൽ നല്ലതായിരിക്കുമെന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.ജെ. തോമസ്: ഗവൺമെൻറുടമയിൽത്തന്നെ ഇതു സംസ്കരിക്കുന്നതിനും ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനും എന്തെങ്കിലും ഏർപ്പാടുകൾ ചെയ്യുന്നുണ്ടോ; അത് എത്രയുംവേഗം നടത്തുന്നതിനെ സംബന്ധിച്ച് ഗൗരവമായി ആലോചിക്കുമോ?

ശ്രീ. എ. എൽ. ജേക്കബ്: അതിനുവേണ്ടി അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെയാണ് ഗവൺമെൻറ് ഏൽപ്പിച്ചിരിക്കുന്നത്. അതു വഴി നടത്തുന്നു.

ശ്രീ. വക്കം പുരുഷോത്തമൻ: കൊക്കോ കൃഷി വ്യാപകമായി പ്രചരിപ്പിക്കുന്നതിനുവേണ്ടി കൃഷി ഡിപ്പാർട്ടുമെൻറ് ആസൂത്രിതവും വ്യാപകവുമായ ഒരു പരിപാടി ഏത് ആണ്ടിലാണ് ആരംഭിച്ചത്?

ശ്രീ. എ. എൽ. ജേക്കബ്: അതു ബഹുമാനപ്പെട്ട മുൻ കൃഷി മന്ത്രിക്ക് അറിയാമല്ലോ?

ശ്രീ. വക്കം പുരുഷോത്തമൻ: കൊക്കോ കൃഷി പ്രചരിപ്പിക്കാനാരംഭിച്ച കാലത്ത്, ഇവിടെ ഉൽപാദിപ്പിക്കുന്ന കൊക്കോ അമുലിനും കാഡ്ബറിക്കും ഒക്കെ വേണ്ടി എടുത്തുകൊള്ളാമെന്ന് മി. കുര്യൻ വാഗ്ദാനം ചെയ്തിരുന്നു. അതനുസരിച്ച് ഒരു ഫിക്സഡ് പ്രൈസ് നിജപ്പെടുത്തിയശേഷം കാൺട്രാക്ടറെ ഉണ്ടാക്കിയാൽ നിശ്ചിതവിലകൃഷിക്കാർക്കു കിട്ടും. അതനുസരിച്ചു നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. എ. എൽ. ജേക്കബ്: അങ്ങനെ മി. കുര്യൻ പറഞ്ഞതായി അറിവില്ല.

ശ്രീ. വക്കം പുരുഷോത്തമൻ: പറഞ്ഞിരുന്നുവെന്നു ഞാൻ പറയുകയാണ്. അതിൻെറ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുമോ?

ശ്രീ. എ.എൽ. ജേക്കബ്: നോക്കാം.

ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള: വിളവെടുത്താൽ കോട്ടയത്ത് എവിടെയോ ഒരു സ്ഥലത്ത് ഒഴിച്ച് മറെറങ്ങും കൊക്കോ കുരു വില്ക്കാൻ നിവൃത്തിയില്ല. കോട്ടയത്തു പോകുന്നതിൻെറ ചെലവു നോക്കിയാൽ ഇതു വില്ക്കാൻ നിവൃത്തിയില്ലാതെയായിട്ടുള്ളതു പരിഗണിച്ച്, ഈ പ്രദേശത്ത് കൊക്കോ വില്ക്കാനുള്ള സൗകര്യമുണ്ടാക്കുമോ?

ശ്രീ. എ. എൽ. ജേക്കബ്: കോ-ഓപ്പറേറീവ് സൊസൈറി വഴി കൊക്കോ വാങ്ങിക്കാൻ പദ്ധതിയുണ്ടാക്കിവരികയാണ്.

ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള: ബാങ്കുകളിൽനിന്ന് കൊക്കോ കൃഷിക്കു സാമ്പത്തികസഹായം കിട്ടുമെന്നു പറഞ്ഞിരുന്നെങ്കിലും അതു ലഭിക്കാൻ വൈഷമ്യമുള്ളതു പരിഗണിച്ച് ലളിതമായ രീതിയിൽ പണം കിട്ടുന്നതിന് ഏർപ്പാടുചെയ്യുമോ?

ശ്രീ. എ. എൽ. ജേക്കബ്: കേന്ദ്രഗവൺമെൻറിൽനിന്ന് സാമ്പത്തികസഹായം കുറച്ചുകഴിഞ്ഞ് തരാമെന്നു പറഞ്ഞിട്ടുണ്ട്. തൽക്കാലം നിവൃത്തിയില്ല.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: കൊക്കോ കൃഷിക്കാർക്കു പുതിയ സംഘങ്ങൾ ഉണ്ടാക്കാതെ ഇന്നുള്ള ഇൻസ്റിറിറ്യൂഷൻസ് (പലരും തെങ്ങു കൃഷിക്കാരാണ്, അവർക്കു സംഘങ്ങളുണ്ട്, പലരും അംഗങ്ങളാണ്) ഉപയോഗപ്പെടുത്തുന്നതിനെപ്പററി ആലോചിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ.എൽ. ജേക്കബ്: ആലോചിക്കാം.

ശ്രീ. ടി.എം. ജേക്കബ്: മുൻപ് ജാതിയും ഗ്രാമ്പുവും കൃഷി ചെയ്യാൻ കൃഷിക്കാർക്കു പ്രചോദനം കൊടുത്തിരുന്നു. ഇന്നു കൊക്കോ കൃഷിക്കു പ്രചോദനം കൊടുക്കുകയാണ്. പക്ഷേ ഉൽപന്നങ്ങൾ വിറ്റഴിക്കാനുള്ള സംവിധാനമില്ലാതെ കൃഷിക്കാർ അലയുന്നതു പരിഗണിച്ച് കൊക്കോ ഉപയോഗപ്പെടുത്തി വ്യവസായം ആരംഭിക്കാൻ തയ്യാറാകുമോ?

ശ്രീ. എ. എൽ. ജേക്കബ്: അതല്ലേ മുൻപു പറഞ്ഞത്. പ്രോസസിംഗ് പ്ലാൻറിന് ഉദ്ദേശ്യമുണ്ട്. നടപടിയെടുത്തുവരികയാണ്.

ശ്രീ. എ.പി. കുര്യൻ: 71 ലക്ഷത്തിൽപ്പരം രൂപ സംസ്ഥാന ഗവൺമെൻറ് കൊക്കോ കൃഷി അഭിവൃദ്ധിപ്പെടുത്താൻ നീക്കിവച്ചു എന്നു പറഞ്ഞു. എങ്ങനെയാണ് സാമ്പത്തികസഹായം നല്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ശ്രീ. എ. എൽ. ജേക്കബ്: കൂടുതൽ ആലോചിച്ചു കഴിഞ്ഞിട്ടില്ല. 71.332 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. ഇത് കൊക്കോ തൈ കൊടുക്കാനും മറ്റുമാണ്. ഒരു തൈക്ക് 1 രൂ 50 പൈസ ചെലവു വരും. 40 പൈസയ്ക്കാണ് അത് വിതരണംചെയ്യുന്നത്. 25,000 ഹെക്ടർ സ്ഥലത്ത് കൊക്കോ കൃഷി വ്യാപിപ്പിക്കാനുള്ള ഉദ്ദേശവും ഒക്കെ ഉണ്ട്.

ശ്രീ. കെ. ശങ്കരനാരായണൻ: ഭാവിയിൽ ഉൽപ്പാദനം വർദ്ധിക്കുമ്പോൾ വിപണനത്തിനു വൈഷമ്യമുണ്ടാകുമെന്നുള്ളതു പരിഗണിച്ച് കൊക്കോയുടെ വിപണനത്തിന് പ്രത്യേകമായ സംവിധാനമുണ്ടാക്കുമോ?

ശ്രീ. എ. എൽ. ജേക്കബ്: ആലോചനയുണ്ടെന്നു ഞാൻ പറഞ്ഞു.

ശ്രീ. എൻ. ഭാസ്കരൻ നായർ: മുൻ കൃഷി മന്ത്രി ആവിഷ്കരിച്ച പദ്ധതിതന്നെയാണോ തുടരുന്നത്?

ശ്രീ. എ. എൽ. ജേക്കബ്: പഴയ പദ്ധതി തന്നെ തുടരുകയാണ്.

ശ്രീ. ഒ. ലൂക്കോസ്: പത്തുപതിനെട്ടു മാസംകൊണ്ട് കായ് തരുന്ന ചെടിയാണ് കൊക്കോ. പ്രോസസിംഗ് യൂണിറ്റ് ഉണ്ടാക്കാൻ ആലോചിക്കുന്നു എന്നൊക്കെ പറഞ്ഞ് കാലം കഴിഞ്ഞാൽ വിളവെടുക്കുന്ന കൃഷിക്കാർക്ക് ന്യായമായ വില കിട്ടാനും വിറ്റഴിക്കാനും സംവിധാനമില്ലെങ്കിൽ കൊക്കോ കൃഷിയിലുള്ള താൽപര്യം നശിക്കുമെന്നുള്ളതു പരിഗണിച്ച് വേഗം പ്രോസസിംഗ് യൂണിറ്റ് ആരംഭിക്കുമോ?

ശ്രീ. എ. എൽ. ജേക്കബ്: പതിനെട്ടു മാസംകൊണ്ടൊന്നും കായുണ്ടാകയില്ല, രണ്ടുരണ്ടര കൊല്ലമെങ്കിലും വേണ്ടിവരും. കാഡ്ബറീസും നെസ്റ്റിൽസും ഈ കൊക്കോ വാങ്ങിക്കുമെന്നാണു പറഞ്ഞിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly